പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4076 — 25.06.2018 ൽ മറുപടിയ്ക്ക്

## സ്വകാര്യകമ്പനികൾക്ക് നൽകിയ വനഭൂമി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി | | അഡ്വ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് 1980 ന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും സ്ഥലം വൈദ്യുതി പദ്ധതികൾക്കോ മറ്റാവശ്യങ്ങൾക്കോ വേണ്ടി സ്വകാര്യകമ്പനികൾക്ക് ഈ സർക്കാർ ഇനം മാറ്റി നൽകി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആകെ എത്ര ഹെക്ടർ സ്ഥലം അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 0.442 ഹെക്ടർ.<br>1. 0.25 ഹെക്ടർ വനഭൂമി ആനക്കാംപോയിൽ പവ്വർ പ്രൈ. ലിമി. 8 MW ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്.<br>2. 0.172 ഹെക്ടർ വനഭൂമി ശ്രീ. ജോസഫ് കുര്യന് പമ്പ് ഹൗസ് നിർമ്മാണം.<br>3. 0.02 ഹെക്ടർ വനഭൂമി റിലയൻസ് ജിയോ ഇൻഫോകോം ലിമി. ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന്. |
| (ബി) | ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത വ്യക്തിയുടെ/ സ്ഥാപനങ്ങളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം ഉള്ള നിബന്ധനകൾക്ക് വിധേയമായി ഉത്തരം (എ)യിലെ ക്രമ നമ്പർ 1 നും 2 നും കേന്ദ്ര സർക്കാരിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസും, ക്രമ നമ്പർ 3 ന് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ കേരള സർക്കാരും ആണ് അനുമതി നൽകിയിട്ടുള്ളത്. ടി അനുമതികൾ 1980 ലെ കേന്ദ്ര വന (സംരക്ഷണ) നിയമത്തിന് കീഴിലുള്ള അനുമതികളാണ്. |

സെക്ഷൻ ഓഫീസർ